(സി) വാറ്റ് നിയമത്തിൽ ഇഞ്ചിയെ നികുതി വിമുക്തമാക്കിയിട്ടുണ്ട്. ചുക്കിനെക്കൂടി നികുതി വിമുക്തമാക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഭേദഗതി വരുത്തുന്നതാണ്.

(ഡി) കർണ്ണാടകത്തിൽ ഇഞ്ചിക്ക് നികുതിയില്ല. മുൻപ് കർണ്ണാടകത്തിൽ നിന്നും സംസ്ഥാനത്തേക്ക് ഇഞ്ചി കൊണ്ടുവന്ന് സംസ്ക്കരിച്ച് വ്യാപാരം നടത്തിയിരുന്നു.

നികുതികുറവുമൂലമുണ്ടായ വിലക്കുറവ് ഉപഭോക്താവിന് ലഭിക്കാൻ നടപടി

26 [204] *ശ്രീ. പി. കെ. അബ്ദുറബ്ബ്:*
„ *സി. മോയിൻ കുട്ടി:*
„ *ടി. പി. എം. സാഹിർ:*
„ *കെ. എൻ. എ. ഖാദർ:*
„ *ഇസ്മായിൽ കുരിക്കൾ:* താഴെ കാണുന്ന ഉല്പന്നങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാറ്റ് നിയമം പ്രാബല്യത്തിൽ വന്നപ്പോൾ നികുതി കുറവ് വന്നതുമൂലം വിലക്കുറവുണ്ടായത് ഏതെല്ലാം സാധനങ്ങൾക്കാണെന്ന് പരിശോധിച്ചിട്ടുണ്ടോ:

(ബി) ഈ സാധനങ്ങൾക്ക് നികുതി കുറവുമൂലമുണ്ടായ വിലക്കുറവ് ഉപഭോക്താവിന് ലഭിക്കാൻവേണ്ടി നടപടി സ്വീകരിച്ചിട്ടുണ്ടോ:

(സി) ഇത്തരം നടപടിമൂലം വിലക്കുറവ് ഉണ്ടായിട്ടുള്ള എത്ര സാധനങ്ങൾ ഉണ്ട്. അവ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മൂല്യവർദ്ധിത നികുതി നിയമം നടപ്പിൽ വന്നശേഷം നിരവധി ഉൽപ്പന്നങ്ങളുടെ നികുതി നിരക്കിൽ കുറവ് വന്നിട്ടുണ്ട്. ഇതിൽ പ്രധാനപ്പെട്ടവ ചുവടെ കാണിച്ചിരിക്കുന്നു.

1. റെഡിമെയ്ഡ് വസ്ത്രങ്ങൾ
2. ഔഷധങ്ങൾ
3. പി. വി. സി. പൈപ്പ്
4. കാലിത്തീറ്റ
5. ഇലക്ട്രിക് ഉപകരണങ്ങൾ
6. അലുമിനിയം ഗൃഹോപകരണങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഭക്ഷ്യ-പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പുമായി ബന്ധപ്പെട്ട് ഇക്കാര്യം അടിയന്തിര നടപടികൾക്കായി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതാണ്. വാറ്റ് നിയമം നടപ്പിലാക്കുന്നതിലേക്കായുള്ള സംസ്ഥാന ധനകാര്യ മന്ത്രിമാരുടെ ഉന്നതാധികാര സമിതിയിലും ഈ കാര്യം ഉന്നയിച്ചിട്ടുണ്ട്.

(സി) മേൽനടപടികളുടെ പുരോഗതി അറിവായിത്തുടങ്ങുന്നതേയുള്ളൂ.

ഔഷധ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന് നടപടി

27 |205| *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാറ്റ് നിയമം നടപ്പിലാക്കിയതിനുശേഷം ഔഷധങ്ങൾക്ക് ക്രമാതീതമായി വില വർദ്ധിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) സാധാരണക്കാരായ രോഗികളെയടക്കം ബുദ്ധിമുട്ടിക്കുന്ന ഈ ഔഷധ വില വർദ്ധനവ് നിയന്ത്രിക്കുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) മൂല്യവർദ്ധിത നികുതി നിയമം നടപ്പിലാക്കുമ്പോൾ എം. ആർ. പി. യിൻമേൽ ആദ്യവിൽപ്പന നടത്തുന്നോൾ തന്നെ നികുതി ഈടാക്കാൻ ധനകാര്യമന്ത്രിമാരുടെ ഉന്നതാധികാര സമിതി തീരുമാനിച്ചിരുന്നു. നികുതി നിരക്ക് 8% ത്തിൽ നിന്ന് 4% മായി കുറച്ചിട്ടുണ്ട്.

മിനിട്ടറി കൂാന്റീനുകളെ വാറ്റിന്റെ പരിധിയിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി

28 |206| *ശ്രീ. തന്നാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിലിട്ടറി കൂാന്റീനുകളിലൂടെ വിൽക്കുന്ന സാധനങ്ങൾക്ക് വാറ്റ് പ്രകാരമുള്ള നികുതി ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ അത് പിൻവലിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly